ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം :-നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ ഫെയർകോപ്പി സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1) ചീഫ് ടൗൺ പ്ലാനറുടെ 29/05/2019-ലെ എ2/4893/2018 നമ്പർ ഉത്തരവ്.
2) ശ്രീ. സുരേന്ദ്രൻ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 27/05/2019-ലെ അപേക്ഷ.

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നം. എ2/4893/2018 തീയതി : 14/06/2019

ഉത്തരവ്

മുഖ്യനഗരാസൂത്രകയുടെ പരാമർശ ഉത്തരവ് പ്രകാരം മുഖ്യ നഗരാസൂത്രണ കാര്യാലയത്തിലെ ഫെയർകോപ്പി സൂപ്രണ്ടായിരുന്ന ശ്രീമതി. റഹ്മത്ത്.കെ 31/03/2019-ൽ സർവ്വീസിൽ നിന്നും വിരമിച്ചത് മൂലം മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടായ ഫെയർകോപ്പി സൂപ്രണ്ടിന്റെ ഒഴിവിലേയ്ക്ക് ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എസ്. സുരേന്ദ്രനെ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി മുഖ്യ നഗരാസൂത്രണ കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവായിരുന്നു.

എന്നാൽ ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ. എസ്. സുരേന്ദ്രൻ ടിയാന്റെ 27/05/2019-ലെ അപേക്ഷ പ്രകാരം തന്റെ ഫെയർകോപ്പി സൂപ്രണ്ടായുള്ള സ്ഥാനക്കയറ്റം 30/04/2020 വരെ പരിത്യജിക്കുന്നതിന് രേഖാമൂലം അപേക്ഷിച്ച സാഹചര്യത്തിൽ **KS&SSR** ചട്ടം 38-ലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാന്റെ അപേക്ഷ അംഗീകരിച്ചുകൊണ്ടും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്മാരിൽ അടുത്ത സീനിയറും നിലവിൽ മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. ദിനേശ്. വി.കെ.-യെ ശ്രീ. സുരേന്ദ്രനു പകരം ഫെയർകോപ്പി സൂപ്രണ്ടായി 30700-65400 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ തന്നെ നിയമിച്ചും ഉത്തരവാകുന്നു.

ശ്രീ. എസ്. സുരേന്ദ്രൻ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം relinquish ചെയ്യുന്നതിലൂടെ **KS & SSR** ചട്ടം 38-ൽ പ്രതിപാദിക്കുന്നത് പ്രകാരം ടിയാന്റെ നിലവിലെ തസ്തികയിലെ സീനിയോറിറ്റി നഷ്ടപ്പെടുന്നതുമാണ്.

കൂടാതെ ദിനേശ്. വി.കെ., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുന്ന സാഹചര്യത്തിൽ കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ. റഊസ്.പി.പി.-യെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി റേഷ്യോ അടിസ്ഥാനത്തിൽ ഗ്രേഡ് പ്രൊമോഷൻ നൽകി 27800-59400 എന്ന ശമ്പള സ്കെയിലിൽ കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിൽ തന്നെ നിയമിച്ചും, പരാമർശം (1)-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം (1) പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽ ഉത്തരവായിട്ടുള്ള വിവിധ ഗ്രേഡ് പ്രമോഷനുകൾ മാറ്റമില്ലാതെ തുടരുന്നതായിരിക്കും. ശ്രീ. ദിനേശ്. വി.കെ. ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമെ ടൈപ്പിസ്റ്റ് തസ്തികയിലെ വിവിധ പ്രൊമോഷനുകൾക്ക് പ്രാബല്യമുണ്ടായിരിക്കുകയുള്ളു.

(ഒപ്പ്)

ഗിരിജ.കെ.എസ്.
ചീഫ് ടൗൺ പ്ലാനർ.

ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്:-
1) ടൗൺ പ്ലാനർ, ആലപ്പുഴ.
2) ടൗൺ പ്ലാനർ, കോഴിക്കോട്
3) ടൗൺ പ്ലാനർ,കൊല്ലം
4) ടൗൺ പ്ലാനർ,തൃശ്ശൂർ.
5) സി.എ. മുഖേന ചീഫ് ടൗൺ പ്ലാനർ
6) സീനിയർ ഫിനാൻസ് ഓഫീസർ
7) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
8) A, B, C, D, E, S സൂപ്രണ്ടുമാർ.
9) എ4 സീറ്റ്
10) ബി2 സീറ്റ്
11) സജ്ഞ. ആർ.വി., IT ഓഫീസർ.
12) വെബ് സൈറ്റ്.
13) കരുതൽ ഫയൽ
14) അധികം-1

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്

D140619